## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3029 — 18.06.2019 -ൽ മറുപടിക്ക്

## യു.പി, എച്ച്.എസ്. വിഭാഗം കായിക അധ്യാപകരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഒ. രാജഗോപാൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) യു.പി, എച്ച്.എസ്. വിഭാഗം കായിക അധ്യാപകരുടെ നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും ആവശ്യമായ നിയമനം നടത്തുന്നില്ല എന്ന പരാതിയ്ക്ക് അടിയന്തര പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിയ്ക്കുമോ; | (എ) നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) വിദ്യാർത്ഥി-കായികാധ്യാപക അനുപാതം നിലവിലെ 500:1 എന്നത് 300:1 എന്നാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ ഉദ്ദേശ്യമില്ല. |
| (സി) കായികവിദ്യാഭ്യാസത്തിനുള്ള സിലബസ് നിലവിൽ ഉണ്ടായിരുന്നിട്ടും പഠിപ്പിയ്ക്കുവാൻ ആവശ്യമായ അധ്യാപകർ നിയമിയ്ക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും അനധികൃതമായി കായികാധ്യാപകരെ എസ്.എസ്.എ. വഴി നിയമിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) അറബി, സംസ്കൃതം എന്നീ ഭാഷകൾ പഠിപ്പിയ്ക്കുന്നതിനായുള്ള അധ്യാപക-വിദ്യാർത്ഥി അനുപാതം എത്ര ? | (ഇ) കെ.ഇ.ആർ. അധ്യായം XXIII, ചട്ടം 2 എ(1) പ്രകാരം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന ആകെ 28 കുട്ടികളോ, ഒരു ക്ലാസ്സിൽ ശരാശരി 7 കുട്ടികളോ ഉണ്ടെങ്കിലാണ് എൽ.പി. വിഭാഗത്തിൽ |

അറബിക് ഭാഷ്യാധ്യാപകന്റെ ഒരു ഫുൾടൈം തസ്തിക അനുവദിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രൊവിസോ പ്രകാരം ഒരു ക്ലാസിൽ 7 കുട്ടികളെങ്കിലും അറബിക് ഭാഷ പഠിക്കുന്നുവെങ്കിൽ പാർട്ട്ടൈം തസ്തിക അനുവദിക്കാവുന്നതാണ്.

കെ.ഇ.ആർ. അധ്യായം XXIII, ചട്ടം 6(സി) പ്രകാരം യു.പി. വിഭാഗത്തിലെ സംസ്കൃതം, അറബിക് ഭാഷാധ്യാപക തസ്തികകൾ തുടരുന്നതിന് 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 30 കുട്ടികൾ അല്ലെങ്കിൽ 5-ാം ക്ലാസ്സിൽ 12, 6-ാം ക്ലാസ്സിൽ 6, 7-ാം ക്ലാസ്സിൽ 3 എന്ന ക്രമത്തിൽ കുറഞ്ഞത് 21 കുട്ടികൾ പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. കെ.ഇ.ആർ. അധ്യായം XXIII, ചട്ടം 6(ഇ) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക് ഭാഷാധ്യാപക തസ്തികകൾ തുടരുന്നതിന് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 25 കുട്ടികൾ അല്ലെങ്കിൽ 8-ാം ക്ലാസ്സിൽ 10, 9-ാം ക്ലാസ്സിൽ 5, 10-ാം ക്ലാസ്സിൽ 3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളെങ്കിലും പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം.

സെക്ഷൻ ഓഫീസർ